**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്**
**പ്രജോ ടവേഴ്സ്, വഴുതക്കാട്**
**തിരുവനന്തപുരം - 14**

നംമ്പർ: ഡിഎ 1/12557/2019 തീയതി: 27, നവംബർ, 2019

**പരിപത്രം**

വിഷയം: ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളും പരിസരവും ശുചിയാക്കി സൂക്ഷിക്കുന്നതു സംബന്ധിച്ച്.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈയിടെയുണ്ടായ അനിഷ്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുടനീളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ഐ.എച്ച്.ആർ.ഡിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട മുൻകരുതലുകൾ എടുക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശ ജനപ്രതിനിധികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് അടിയന്തിര പി.ടി.എ യോഗങ്ങൾ നടത്തുന്നതിനും സ്ഥാപനതലത്തിൽ പരിസര ശുചീകരണം, ക്ലാസ്സുമുറികൾ, ടോയ്‌ലറ്റ് തുടങ്ങിയവ വൃത്തിയായും ഭംഗിയായും നിലനിർത്തുന്നതിനു ആവശ്യമായ നടപടികൾ അടിയന്തിരമായി എടുക്കേണ്ടതാണ്. ഇതിനു വേണ്ടുന്ന പ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെ പി.ടി.എ, എൻ.എസ്സ്.എസ്സ് തുടങ്ങിയവയുടെ സഹായത്താലും സഹകരണത്താലും നടപ്പാക്കാവുന്നതാണ്. പരിസര ശുചീകരണ പ്രവർത്തനം തൊഴിലുറപ്പു പദ്ധതി പ്രകാരം നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണംകൂടി തേടാവുന്നതാണ്.

ഇക്കാര്യത്തിൽ സ്ഥാപനമേധാവികളും ക്ലാസ്സ് ടീച്ചർമാരും അതിയായ ജാഗ്രത പുലർത്തേണ്ടതും സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും ശുചിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിൽ വരുന്ന വീഴ്ച അതീവ ഗൗവരവത്തോടെ കാണുമെന്നും

അതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിക്ഷിപ്തമായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു. അധ്യാപക പരിശീലനങ്ങളുടെ ഭാഗമായി പ്രഥമശുശ്രൂഷ സംബന്ധിച്ച പരിശീലനം കൂടി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു കൊള്ളുന്നു.

ഈ പരിപത്രം കൈപറ്റിയ വിവരവും തുടർ നടപടി എടുത്ത വിവരവും സ്ഥാപന മേധാവി രേഖാമൂലം ഈ ഓഫീസിൽ ഒരാഴ്ചയ്ക്കകം അറിയിക്കേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ

പകർപ്പ്:

1. എല്ലാ ഐ.എച്ച്.ആർ.ഡി സ്ഥാപനമേധാവികൾക്കും (ഇ.മെയിൽ മുഖാന്തരം)
2. ഐ.എച്ച്.ആർ.ഡി വെബ്സൈറ്റ്
3. എ.ഡി/ഡി.ഡി/എഫ്.ഒ/എഫ്.സി
4. എ.എക്സ്.ഇ, ഐ.എച്ച്.ആർ.ഡി ഹെഡ്ഓഫീസ്(ഈ വിഷയം സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി സ്ഥാപന മേധാവികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതാണ്)
4. ഐ.എച്ച്.ആർ.ഡിലെ എല്ലാ സെക്ഷൻ മേധാവികൾക്കും
5. എസ്സ്.എഫ്/ഒ.സി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

ve. 27.11.2019